# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.08/PR/PIC/PHQ/17 Date : 14.01.2017

---

## കേസുകളിൽ കൃത്യസമയത്ത് ചാർജ് ഷീറ്റ് സമർപ്പിക്കണം- സംസ്ഥാന പോലീസ് മേധാവി

ഗുരുതരമായ കുറ്റകൃത്യങ്ങളിൽ സി.ആർ.പി.സി 173(2) നിഷ്കർഷിക്കുന്ന പ്രകാരം 60/90 ദിവസങ്ങൾക്കുള്ളിൽ ചാർജ്ജ്ഷീറ്റ് നൽകുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥരും മേലുദ്യോഗസ്ഥരും ഉറപ്പുവരുത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. ഇത്തരത്തിൽ നിശ്ചിത സമയത്തിനുള്ളിൽ ചാർജ്ജ്ഷീറ്റ് നൽകാതെ വരുന്നതുകൊണ്ട് പലപ്പോഴും ഗുരുതര കുറ്റകൃത്യങ്ങളിൽ പ്രതിക്ക് ജാമ്യം കിട്ടുന്ന സ്ഥിതി വരികയും ജാമ്യം ലഭിച്ച പ്രതി ഒളിവിൽപ്പോവുകയോ സാക്ഷികളെ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന് സംസ്ഥാന പോലീസ് മേധാവി ചൂണ്ടിക്കാട്ടി. പല സന്ദർഭങ്ങളിലും ഫോറൻസിക് പരിശോധനാറിപ്പോർട്ടുകൾ സമയബന്ധിതമായി ലഭിക്കാത്തതാണ് നിശ്ചിത സമയത്തിനുള്ളിൽ ചാർജ് ഷീറ്റ് നൽകുന്നതിന് തടസ്സമായി വരുന്നത്. ആയതിനാൽ ചാർജ്ഷീറ്റ് നൽകുന്നതിനുള്ള സമയപരിധിക്കുള്ളിൽ ഫോറൻസിക് പരിശോധന റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥന് സമയബന്ധിതമായി ലഭ്യമാകേണ്ട കേസുകൾക്ക് മുൻഗണന നല്കി അവ ലഭിച്ചുവെന്ന് ഫോറൻസിക് ഡയറക്ടർ ഉറപ്പുവരുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

നീതീകരിക്കാൻ കഴിയാത്ത കാരണങ്ങളാൽ ചാർജ്ഷീറ്റ് നൽകുന്നത് വൈകിയാൽ മേലുദ്യോഗസ്ഥൻ എന്ന നിലയിൽ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി/ക്രൈംബ്രാഞ്ച് എസ്.പി. വ്യക്തിപരമായി ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുമെന്നും സംസ്ഥാന പോലീസ് മേധാവി ചൂണ്ടിക്കാട്ടി.

*********